പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ- 193 18-12-2012-ൽ മറുപടിക്ക്

## വിധിന്യായങ്ങളുടെ മലയാള പരിഭാഷ

**ചോദ്യം** **ഉത്തരം**

* 193. ശ്രീ. ജോസഫ് വാഴക്കൻ :
" തേറമ്പിൽ രാമകൃഷ്ണൻ :
" പി.സി. വിഷ്ണുനാഥ് :
" ഡൊമിനിക് പ്രസന്റേഷൻ:

ശ്രീ.കെ.എം.മാണി
(ബഹു. ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

| | | |
|---|---|---|
| (എ) | വിധിന്യായങ്ങൾ മലയാളത്തിലേക്ക് തർജ്ജമ ചെയ്ത് ജേർണൽ രൂപത്തിൽ പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | ഉദ്ദേശിക്കുന്നുണ്ട്. വളരെ പ്രധാനപ്പെട്ടതും കാലികവുമായ വിധിന്യായങ്ങൾ മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തിക്കൊണ്ട് നിയമ ജേർണൽ പ്രസിദ്ധീകരിക്കുന്നതിനായി "നിയമ ( ഔദ്യോഗിക ഭാഷ - പ്രസിദ്ധീകരണ സെൽ)" 02-03-2012-ലെ സ.ഉ.(കയ്യെഴുത്ത്) നമ്പർ 78/2012/ നിയമം ഉത്തരവിലൂടെ രൂപീകരിച്ചിട്ടുണ്ട്. ആയതിന്റെ പ്രവർത്തനം പ്രാരംഭഘട്ടത്തിലാണ്. |
| (ബി) | ഏതൊക്കെ കോടതികളിലെ വിധിന്യായങ്ങളാണ് ഇതിനു വേണ്ടി തെരഞ്ഞെടുക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | വളരെ പ്രധാനപ്പെട്ടതും കാലികവുമായ സുപ്രീം കോടതിയുടെ വിധിന്യായങ്ങളുടെ ചുരുക്കക്കുറിപ്പുകളും ഹൈക്കോടതിയുടെ വിധിന്യായങ്ങളുമാണ് മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തി നിയമ ജേർണൽ രൂപത്തിൽ പ്രസിദ്ധീകരിക്കുവാൻ ഉദ്ദേശിക്കുന്നത്. |

| | | |
|---|---|---|
| (സി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | ഭരണത്തിൻെറ എല്ലാ തലങ്ങളിലും മലയാളം ഔദ്യോഗിക ഭാഷയായിരിക്കണം എന്ന സർക്കാരിൻെറ പ്രഖ്യാപിത നയം നടപ്പിലാക്കുകയാണ് ഇതിൻെറ ഉദ്ദേശ്യം. മേൽ കോടതികളുടെ ഇംഗ്ലീഷിലുള്ള പ്രധാനപ്പെട്ട വിധിന്യായങ്ങൾ സാധാരണ ജനങ്ങൾക്ക് മനസ്സിലാക്കുവാൻ ഉതകും വിധം മലയാളത്തിലേക്ക് തർജ്ജമ ചെയ്ത് ജേർണൽ രൂപത്തിൽ പ്രസിദ്ധീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ഡി) | തർജ്ജമ ചെയ്തിട്ടില്ലാത്ത നിയമങ്ങളും പ്രധാന ഉത്തരവുകളും വിജ്ഞാപനങ്ങളും ജേർണലിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; | 02-03-2012-ലെ സ.ഉ.(കയ്യെഴുത്ത്) നമ്പർ 78/2012/നിയമം പ്രകാരം മലയാളത്തിലേക്ക് തർജ്ജമ ചെയ്ത നിയമങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും, തർജ്ജമ ചെയ്തിട്ടില്ലാത്ത പ്രധാനപ്പെട്ട നിയമങ്ങളും പ്രധാനപ്പെട്ട ഉത്തരവുകളും, വിജ്ഞാപനങ്ങളും മലയാളത്തിലേക്ക് തർജ്ജമ ചെയ്ത് ലഭ്യമാക്കുന്നതിനുമായാണ് ''നിയമ (ഔദ്യോഗിക ഭാഷ-പ്രസിദ്ധീകരണ സെൽ)'' രൂപീകരിച്ചത്. വളരെ പ്രധാനപ്പെട്ടതും കാലികവുമായ സുപ്രീം കോടതിയുടെ വിധിന്യായങ്ങളുടെ ചുരുക്കകുറിപ്പുകളും ഹൈക്കോടതിയുടെ വിധിന്യായങ്ങളുമാണ് മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തി നിയമ ജേർണൽ രൂപത്തിൽ പ്രസിദ്ധീകരിക്കുവാൻ ഉദ്ദേശിക്കുന്നത്. മേൽപറഞ്ഞ തർജ്ജമ ചെയ്തിട്ടില്ലാത്ത ആക്റ്റുകളും പ്രധാന ഉത്തരവുകളും വിജ്ഞാപനങ്ങളും കൂടി തർജ്ജമ ചെയ്ത് ജേർണലിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

| | | |
|---|---|---|
| (ഇ) | ഇതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | ഇതിനുവേണ്ടി ''നിയമ (ഔദ്യോഗിക ഭാഷ-പ്രസിദ്ധീ കരണ സെൽ)'' നിയമ വകുപ്പിൽ 02-03-2012-ലെ സ.ഉ.(കയ്യെഴുത്ത്) നമ്പർ 78/2012/നിയമം ഉത്തരവി ലൂടെ രൂപീകരിക്കുകയും ആയതിൻെറ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ